## സെന്റ് മർസലിനാസ് ജി.എച്ച്.എസ്
## നട്ടാശ്ശേരി

ST.MARCELLINAS GIRLS HIGH SCHOOL NATTASSERY
EST. 1964

# അക്കാദമിക് മാസ്റ്റർ പ്ലാൻ



## അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | - | സെന്റ് മർസലിനാസ് ജി.എച്ച്.എസ്സ് നട്ടാശ്ശേരി |
| വിലാസം | - | എസ്.എച്ച്.മൗണ്ട് പി.ഒ, നട്ടാശ്ശേരി,<br>കോട്ടയം 686 006 |
| ഫോൺ | - | 0481 - 2312013 |
| സ്കൂൾ കോഡ് | - | 33082 |
| വിദ്യാഭ്യാസ ഉപജില്ല | - | കോട്ടയം west |
| വിദ്യാഭ്യാസ ജില്ല | - | കോട്ടയം |
| റവന്യൂ ജില്ല | - | കോട്ടയം |
| ബി.ആർ.സി | - | കോട്ടയം |
| സി.ആർ.സി | - | ഗവ.ജിയു.പി.എസ്, പൂത്തോട്ട് |
| മുൻസിപ്പാലിറ്റി | - | കോട്ടയം |
| ബ്ലോക്ക് പഞ്ചായത്ത് | - | കോട്ടയം |
| ജില്ലാ പഞ്ചായത്ത് | - | കോട്ടയം |
| നിയമസഭാമണ്ഡലം | - | കോട്ടയം |
| ലോകസഭാമണ്ഡലം | - | കോട്ടയം |
| താലൂക്ക് | - | കോട്ടയം |
| വില്ലേജ് | - | പെരുമ്പായിക്കാട് |
| ഈ-മെയിൽ | - | marcellin.nattassery@gmail.com |
| സ്കൂൾ വിക്കി | - | Kottayam (Rev.Dist)<br>Kottayam (Edl.Dist)<br>Kottayam west (Sub.dist)<br>സെന്റ് മർസലിനാസ് ജി.എച്ച്.എസ്സ് നട്ടാശ്ശേരി |

## ഉള്ളടക്കം

1. രൂപരേഖ
2. ആമുഖം
3. നേട്ടങ്ങൾ
4. പരിമിതികൾ
5. പൊതു ലക്ഷ്യങ്ങൾ
6. മികവിനായി തെരഞ്ഞെടുക്കേണ്ട പ്രവർത്തനങ്ങൾ ഒറ്റ നോട്ടത്തിൽ

**അക്കാദമികം - ഭൗതികം- സാമൂഹികം**

7. അക്കാദമിക മാസ്റ്റർ പ്ലാൻ
8. കലാവിദ്യാഭ്യാസം
9. ദിനാചാരണങ്ങൾ
10. ഭൗതിക വികസന ആസൂത്രണ രേഖ
11. സമൂഹബന്ധ ആസൂത്രണ രേഖ
12. മോണിട്ടറിംഗ്
13. പ്രത്യേക പരിപാടി
14. പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം സ്കൂളിൽ ഇതുവരെ
15. ഉപസംഹാരം

**അനുബന്ധം**

1. വിദ്യാലയത്തിന്റെ സ്കെച്ച്, പ്ലാൻ, രൂപരേഖ
2. കുട്ടികളുടെ എണ്ണം മുൻ വർഷങ്ങളിൽ

# ആമുഖം

**കോട്ടയം** പട്ടണത്തിനടുത്ത് നട്ടാശ്ശേരിയിൽ എം.സി.റോഡരുകിൽ പ്രൗഢിയുടെ തലയെടുപ്പോടെ **സെന്റ്.മർസലിനാസ്ഗേൾസ് ഹൈസ്കൂൾ** നില കൊള്ളുന്നു. **"നട്ടാൽ ശരിയാണ്"** (നല്ല വിളവു ലഭിക്കും) എന്ന പദത്തിൽ നിന്നാണ് **'നട്ടാശ്ശേരി'** എന്ന പേരുണ്ടായത്.

**സെന്റ് മർസലിനാസ് ഗേൾസ്** ഹൈസ്കൂളിന്റെ ദീർഘകാലാടിസ്ഥാനത്തിലുള്ള സമഗ്ര വികസന കാഴ്ചപ്പാടോടു **കൂടിയ** ശിശുസൗഹൃദപരവും പഠനാന്തരീക്ഷത്തിന് അനുയോജ്യവുമായ **രീതിയിൽ** നിലവിലുള്ള **സൗകര്യങ്ങളെ പരിവർത്തനപ്പെടുത്തുകയും കുട്ടികളുടെ അവകാശങ്ങൾ** ഉറപ്പാക്കുകയും ചെയ്യുന്നതിനുള്ള ആസൂത്രിതമാണ് **"വിദ്യാലയ വികസന പദ്ധതി"** എന്നതു **കൊണ്ട് ഉദ്ദേശിക്കുന്നത്.**

പെൺപൈതങ്ങളുടെ **വിദ്യാഭ്യാസവും** നൽവളർത്തലും **ലക്ഷ്യം** വച്ചാണ് **കോട്ടയം** വിസിറ്റേഷൻ **കോൺഗ്രിഗേഷൻ ഈ** വിദ്യാലയം സ്ഥാപിച്ചത്. **പെൺകുട്ടികൾ** നന്നായാൽ **കുടുംബം നന്നാകും, കുടുംബം നന്നായാൽ** നാടു നന്നാകും, നാടു നന്നാകുന്നതിൽ കൂടി സമൂഹത്തിന് **അഭിവൃദ്ധി ഉണ്ടാകും.** ഇങ്ങനെ അഭിവൃദ്ധി നേടിയ ഗ്രാമമാണ് നട്ടാശ്ശേരി.

**ഭാരതീയ** സംസ്കാരത്തിന്റെ അടിത്തറയിൽ നിന്നു കൊണ്ട് **'പഠനത്തോടൊപ്പം ആത്മീയതയിലും അനുസരണയിലും വളർത്തുക'** എന്ന ലക്ഷ്യത്തോടെ അധ്യാപകരുടെയും രക്ഷിതാക്കളുടെയും മാർഗ്ഗദർശനത്തിൽ **കോട്ടയം കോർപ്പറേറ്റ്** മാനേജ്മെന്റിന്റെ **കീഴിൽ ഈ സ്കൂൾ** പ്രവർത്തിച്ചു **വരുന്നു.**

വാഹനസൗകര്യങ്ങൾ **പരിമിതമായ** കാലഘട്ടത്തിൽ സാധാരണക്കാരായ പെൺകുട്ടികളുടെ **പഠന** ആവശ്യാർത്ഥം 1956- ൽസ്ഥാപിതമായ സെന്റ് മർസിലിനാസ് യു.പി. സ്കൂൾ 1964 – ൽ ഹൈസ്കൂളായി **ഉയർത്തപ്പെട്ടു.** പി.ടി.എയുടെയും **സമീപ** സ്കൂളിലെ രക്ഷിതാക്കളുടെയും അഭ്യർത്ഥന **മാനിച്ച്** 2004-ൽ **അഞ്ചു മുതൽ** ഏഴു വരെ ക്ലാസ്സുകളിൽ ആൺകുട്ടികളെ ഉൾപ്പെടുത്തിയെങ്കിലും **ചില സാങ്കേതിക കാരണങ്ങളാൽ** 2017-ഓടു **കൂടി അവരുടെ അഡ്മിഷൻ** നിർത്തലാക്കേണ്ടി **വന്നു.** 1999 **മുതൽ കോട്ടയം** അതിരൂപതയിലെ മികച്ചസ്കൂളായി തിരഞ്ഞെടുക്കപ്പെടുന്നു.

വർഷങ്ങളായി എസ്.എസ്.എൽ.സിക്ക് നൂറുശതമാനം വിജയം കൈവരിക്കുന്ന ഈ വിദ്യാലയം 2013-14 ൽ സുവർണ്ണ ജൂബിലി ആഘോഷിച്ചു. കലാകായിക രംഗത്തും ഗണിതം, ശാസ്ത്രം, സാമൂഹ്യ ശാസ്ത്ര പ്രവർത്തി പരിചയമേളകളിലും വർഷങ്ങളായി സ്കൂൾ ഓവറോൾ കിരീടം നിലനിർത്തിപ്പോരുന്നു. കായികരംഗത്ത് മികച്ച വിജയം കൈവരിക്കുന്നു. ജൂഡോ, തായ് ക്വാൻഡോ, കബഡി, റെസ്സിംഗ് തുടങ്ങിയവയിൽ സംസ്ഥാന ദേശീയ മത്സരങ്ങളിൽ പങ്കെടുത്ത വിദ്യാർത്ഥിനികൾ ഗോൾഡ് മെഡലും ചാമ്പ്യൻഷിപ്പുകളും, ഇൻസ്പെയർ അവാർഡുകളും കരസ്ഥമാക്കി ക്കൊരിക്കുന്നു.

വളർന്നു വരുന്ന കാലത്തിനനുസൃതമായി വിവര സാങ്കേതിക വിദ്യയുടെ പിൻബലത്തിൽ നല്ലൊരു സമൂഹത്തെ വാർത്തെടുക്കുന്നതിൽ ഈ വിദ്യാലയം അതിന്റെ വികസനപാതയിൽ പ്രയാണം 5 തുടരുന്നു. ക വരെ യു കളി 277 അടികൾ പഠനം നടത്തുന്നു.

അഞ്ചു മുതൽ പത്തു വരെ ക്ലാസ്സുകളിലായി (271 കുട്ടികൾ പഠനം നടത്തുന്നു. യു.പി. വിഭാഗത്തിൽ അഞ്ച് അധ്യാപകരും ഹൈസ്കൂൾ വിഭാഗത്തിൽ എട്ട് അധ്യാപകരും HM, ക്ലാർക്ക്, രണ്ട് OAമാർ, ഒരു ഫുൾടൈം മീനിയൽ എന്നിവരും ഇവിടെ പ്രവർത്തിക്കുന്നു.

അഞ്ചു മുതൽ പത്തു വരെ 10 ക്ലാസ്സ് മുറികളും, കമ്പ്യൂട്ടർ ലാബ്, സയൻസ് ലാബ്, ലൈബ്രറി, റീഡിംഗ് റൂം എന്നിവയും നിലവിലുണ്ട്. സ്കൂളുകൾ ഹൈടെക് ആക്കുന്നതിന്റെ ഭാഗമായി ആറ് ക്ലാസ് മുറികൾ സജ്ജമാക്കിയിട്ടുണ്ട്. സമഗ്ര വികസന കാഴ്ചപ്പാടോടു കൂടി മുന്നോട്ടു നീങ്ങുമ്പോൾ ചില പ്രതിസന്ധികളും പരിമിതികളും സ്കൂൾ അഭിമുഖീകരി ക്കുന്നുണ്ട്.

- സ്കൂൾ നവീകരണത്തിനാവശ്യമായ ഫിന്റെ അഭാവം
- രാത്രികാലങ്ങളിലെ സാമൂഹ്യവിരുദ്ധരുടെ ശല്യം
- ട്രാഫിക് പ്രശ്നങ്ങൾ
- സയൻസ് ലാബ് നവീകരണം
- ശൗചാലയം ആധുനികരീതിയിലുള്ളതല്ല.

# പൊതു ലക്ഷ്യങ്ങൾ

- മതനിരപേക്ഷ ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിച്ച് ഗ്രാമീണ അന്തരീക്ഷത്തിൽ തികച്ചും സൗജന്യമായ വിദ്യാഭ്യാസം സമസ്ത ജനവിഭാഗങ്ങൾക്കും ഉറപ്പു വരുത്തുക.
- ഗുണമേന്മാ വിദ്യാഭ്യാസം ഉറപ്പാക്കി വിദ്യാലയത്തെ മികവിന്റെ കേന്ദ്രമാക്കി മാറ്റുക
- എല്ലാ കുട്ടികളും അതത് ക്ലാസ്സിൽ നേടേണ്ട പഠനശേഷികൾകൈവരിച്ചു എന്ന് ഉറപ്പു വരുത്തുക.
- ഓരോ ഘട്ടം പൂർത്തിയാകുമ്പോഴും കുട്ടി നേടേണ്ട അറിവും കഴിവും മുൻകൂട്ടി തയ്യാറാക്കി പഠനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.
- കുട്ടികളുടെ സർഗ്ഗപരവും അക്കാദമികവും കായികവുമായ കഴിവ് പരമാവധി പ്രോത്സാഹിപ്പിച്ച് സംസ്ഥാന ദേശീയ, അന്തർദേശീയതലത്തിൽ നേട്ടങ്ങൾ കൈവരുത്താൻ പ്രാപ്തരാക്കുക
- എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ്. ഹിന്ദിഎന്നീ ഭാഷകൾ സംസാരിക്കാനും, വായിക്കാനും എഴുതാനുമുള്ള കഴിവ് ഉറപ്പു വരുത്തുക.
- ഗണിത പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യാനും നിത്യജീവിതത്തിൽ പ്രായോഗികമാക്കാനും കഴിയുന്നു എന്ന് ഉറപ്പു വരുത്തുക
- കുട്ടികളുടെ കായികക്ഷമതാശേഷി ഉറപ്പു വരുത്തുക
- ശാസ്ത്രാഭിരുചി വളർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പിൽ വരുത്തുക
- കുട്ടികളുടെ സർഗ്ഗാത്മകതയും ക്രിയാത്മകവുമായ ശേഷി പരിപോഷിപ്പിക്കുക
- ജീവിതമൂല്യങ്ങൾ വളർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിക്കുക
- കുട്ടികൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെ നേരിടുന്നതിനുള്ള അവബോധം വളർത്തുന്ന പ്രവർത്തനം ആവിഷ്കരിക്കുക.

## മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ ഒറ്റ നോട്ടത്തിൽ

### അക്കാദമികം-ഭൗതികം-സാമൂഹികം

**അക്കാദമികം**

- ➔ ഭാഷാശേഷി വികസനം
- ➔ ഗണിതശേഷി വികസനം
- ➔ ഇംഗ്ലീഷ് പഠന പരിപോഷണം
- ➔ ലൈബ്രറി ശാക്തീകരണം
- ➔ ലാബ് നവീകരണം
- ➔ ജൈവ വൈവിധ്യപാർക്ക്
- ➔ സാഹിത്യപോഷണം
- ➔ പഠനയാത്രകൾ
- ➔ സെമിനാറുകൾ
- ➔ കലാകായിക മേള
- ➔ ഐ.റ്റി.പരിശീലനം
- ➔ അധ്യാപക ശാക്തീകരണ പരിപാടി
- ➔ ക്ലാസ് പി.ടി.എ സജീവമാക്കൽ
- ➔ സ്കൂൾ -പത്രം -മാസിക
- ➔ പ്രവൃത്തിപരിചയ പഠനം
- ➔ എസ്.ആർ.ജി ശാക്തീകരണം
- ➔ ശാസ്ത്രാഭിരുചി വളർത്തൽ
- ➔ പച്ചക്കറിത്തോട്ടം
- ➔ അഭിമുഖങ്ങൾ
- ➔ മെഡിക്കൽ ക്യാമ്പ്

- പോഷകാഹാര പരിപാടി
- ഗണിത ലാബ്
- ഭാഷാലാബ്
- ടേം മൂല്യനിർണ്ണയം
- ദിനാചരണം
- കായികപഠനം
- വായനാപരിപോഷണം

**ഭൗതികം**

- ക്ലാസ്സ് മുറികൾ
- ഓഫീസ് മുറി
- സ്റ്റാഫ് മുറി
- കമ്പ്യൂർ റൂം
- മൾട്ടി മീഡിയ റൂം
- ലൈബ്രറി
- അടുക്കള
- കുടിവെള്ള വിതരണം
- മാലിന്യസംസ്കരണം
- ടോയ് ലെറ്റ്
- ജന്മദിനത്തിനൊരു പുസ്തകം
- ചിത്രരചന

## സാമൂഹികം

- പി.ടി.എ ശക്തിപ്പെടുത്തൽ
- എസ്.എം.സി കാര്യക്ഷമമാക്കൽ
- വിദ്യാലയ വികസന സമിതി
- പൂർവ്വ വിദ്യാർത്ഥി സംഘടനയുടെ പ്രവർത്തനം
- എസ്.എസ്.ജി
- എൽ.എസ്.ജി.ബന്ധം
- ഗ്രന്ഥശാലകൾ
- ക്ലബ്ബുകൾ
- പൂർവ്വ അധ്യാപകരുടെ സേവനം പ്രയോജനപ്പെടുത്തൽ
- ക്ലാസ് പി.ടി.എ മാതൃകാപരമാക്കുന്നതിനുള്ള നടപടികൾ
- ഭവന സന്ദർശനം

ഭൗതിക വികസന ആസൂത്രണ രേഖ

- ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി, വായനാമൂല, റീഡിംഗ് റൂം ഫലപ്രദമായി സജ്ജമാക്കുന്നു
- ആനുകാലിക പ്രസിദ്ധീകരണങ്ങളുടെ ലഭ്യത കൂട്ടുന്നു.
- എൽ.സി.ഡി പ്രൊജക്ടറിന്റെ ലഭ്യത കൂടുതൽ ഉറപ്പു വരുത്തുന്നു
- ഔഷധ ഉദ്യാന നിർമ്മാണം (കേന്ദ്ര പദ്ധതി)
- സയൻസ് ലാബ് വിപുലീകരണം
- ശാസ്ത്രമാസികകൾ ലഭ്യമാക്കൽ
- ടീച്ചിംഗ് എയിഡ്സ് കൂടുതൽ ലഭ്യമാക്കുന്നു
- ഐ.സി.ടി.സാധ്യതകൾ കൂടുതൽ മെച്ചപ്പെടുത്തുന്നു
- സ്കൂൾ കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾ നിർവ്വഹിക്കൽ
- എല്ലാ ക്ലാസ് മുറികളും സ്മാർട്ട് ക്ലാസ് റൂം ആക്കി സജ്ജമാക്കൽ
- ഫർണ്ണീച്ചറുകളുടെ ലഭ്യത ഉറപ്പു വരുത്തൽ

- സാമൂഹിക പ്രതിബദ്ധത സൃഷ്ടിക്കുക

- ഉത്തമ പൗരന്മാരാക്കുക

- സംഘബോധം, സഹകരണ മനോഭാവം, സഹിഷ്ണുത, വിമർശന ചിന്ത എന്നിവ വളർത്തുക

- ചരിത്രപരം, ഭൂമിശാസ്ത്രപരം,സാംസ്കാരികം, രാഷ്ട്രീയവുമായ അറിവുകൾ എന്നിവ നേടുക

- ദേശീയത ഉണർത്തുക

- ഐസിടി അധിഷ്ഠിത പഠനത്തിനാവശ്യമായ ഭൗതിക സൗകര്യങ്ങളും അക്കാദമിക തയ്യാറെടുപ്പുകളും ഉറപ്പാക്കുക. Little Kitesപ്രവർത്തനങ്ങൾ സജീവമായി നടക്കുന്നു.

- ഗവേഷണാത്മക അദ്ധ്യാപനത്തിനും, പഠനത്തിനും അവസരമൊരുക്കുക.

- തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് അവസരമൊരുക്കുക

- കുട്ടികൾക്ക് ആവശ്യമായ ഗൈഡൻസും കൗൺസിലിംഗും ഒരുക്കുക.

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ഉപമേഖല – മലയാളം

# യു.പി വിഭാഗം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| 1.ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1. പ്രീ ടെസ്റ്റ്<br>2. അക്ഷരം ഉറപ്പിക്കൽ<br>3. അടയാളം ഉറപ്പിക്കൽ<br>4. അക്ഷര കാർഡ് നൽകൽ<br>5. വാക്കുകൾ എഴുതിയ കാർഡ്<br>6.വാക്യങ്ങൾ നിർമ്മിക്കൽ<br>7. വാക്കുകൾ നിർമ്മിക്കുക<br>8. ചിത്രം-അടിക്കുറിപ്പ്<br>9. ചിത്രം- കഥപറയൽ<br>10. ചിത്രം- കഥയെഴുതൽ<br>11. കഥാപുസ്തകം നൽകൽ<br>12.C.D.യിൽ ചിത്രം കാണിച്ച് വാക്യം എഴുതൽ<br>13. ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം ക്ലാസ്സ്<br>14. ദിനാചരണം | രണ്ട് മാസം | അധ്യാപകർ |
| 2.കുട്ടിയെമികച്ച വായന[illegible] | 1.ക്ലാസ് വായനാക്കൂട്ടം രൂപീകരിക്കൽ<br>2.വായനാമൂല,ക്ലാസ് ലൈബ്രറി രൂപീകരിക്കൽ<br>3.സ്കൂൾലൈബ്രറി നവീകരിക്കൽ<br>4.വായനോത്സവം സംഘടിപ്പിക്കൽ<br>5.സമീപഗ്രന്ഥശാല അംഗത്വം<br>6.പത്രവായന<br>7.അമ്മ വായന<br>8.പുസ്തക ചർച്ച<br>9.വായനാനുഭവം പങ്കുവെയ്ക്കൽ<br>10.വിദ്യാരംഗം കലാസാഹിത്യ വേദി<br>11.ദിനാചരണങ്ങൾ<br>12. വായനക്കുറിപ്പ്പങ്കുവെയ്ക്കൽ | ആറു മാസം | അധ്യാപകർ<br>പി.ടി.എ<br>എസ്.ആർ.ജി<br>രക്ഷകർത്താക്കൾ |

| തീയതി | ദിനാചരണം | പ്രവർത്തനങ്ങൾ | ചുമതല |
| --- | --- | --- | --- |
| June 3 | പ്രവേശനോത്സവം | * ബാന്റ് സെറ്റിന്റെ അകമ്പടിയോടെ ആനയിക്കൽ<br>* പൂച്ചെണ്ട് നൽകൽ, പഠനകിറ്റ് വിതരണം<br>* മധുരം നൽകൽ | അദ്ധ്യാപകർ<br>രക്ഷിതാക്കൾ<br>പി.ടി.എ |
| June 3 | ജി ശങ്കരക്കുറുപ്പ് ദിനം | * അസംബ്ലിയിൽ ജി യുടെ അനുസ്മരണം<br>* കൃതികൾ പരിചയപ്പെടൽ<br>* പോസ്റ്റർ നിർമ്മാണം, കവിതയരങ്ങ് | മലയാളം ക്ലബ്ബ് |
| June 5 | പരിസ്ഥിതി ദിനം | * പരിസ്ഥിതി ദിന പ്രതിജ്ഞ, സന്ദേശം<br>*പോസ്റ്റർ നിർമ്മാണം,റാലി<br>*പ്ലാസ്റ്റിക് നിരോധിത സ്കൂൾ പ്രഖ്യാപനം<br>*ഡ്രൈ ഡേ ആചരണം<br>*വൃക്ഷത്തൈ നടൽ | നേച്ചർ ക്ലബ്ബ്<br>സോഷ്യൽ സയൻസ് |
| June 8 | സമുദ്രദിനം | *പതിപ്പ് തയാറാക്കൽ<br>*സമുദ്രങ്ങൾ പരിചയപ്പെടൽ<br>*സംവാദം | നേച്ചർക്ലബ്ബ്<br>സോഷ്യൽ സയൻസ് |
| June 12 | ബാലവേല വിരുദ്ധ ദിനം | * പോസ്റ്റർ നിർമ്മാണം<br>*ബാലഭവൻ സന്ദർശനം | സോഷ്യൽ സയൻസ് |
| June 19 | വായന ദിനം | * വായനാവാരാഘോഷം<br>*പുസ്തക പരിചയം<br>*അക്ഷരമരം<br>*കൈയക്ഷര മത്സരം<br>*പോസ്റ്റർ നിർമ്മാണം<br>*സാഹിത്യക്വിസ്<br>*പുസ്തക മേള | മലയാളം<br>ഇംഗ്ലീഷ്<br>ഹിന്ദി |
| June 26 | ലോകമയക്ക മരുന്ന് ദിനം | * ബോധവൽക്കരണം<br>*പോസ്റ്റർ<br>*മാജിക്ക് ഷോ<br>* സിനിമാ പ്രദർശനം | സോഷ്യൽ സയൻസ് |
| June 27 | ഹെലൻ കെല്ലർ ദിനം | * അനുസ്മരണം | ഇംഗ്ലീഷ് |
| July 5 | ബഷീർ ചരമദിനം | * അനുസ്മരണം | |

| | | | |
|---|---|---|---|
| 3.കട്ടിയെമികച്ച എഴുത്തുകാരനാക്കുക | 13 സാഹിത്യകാരന്മാരുമായി അഭിമുഖം<br>ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും<br>വായനാക്കൂട്ടം<br>കാവ്യക്കൂട്ടം<br>ഇ-വായന | ആഴ്ചയിലൊരിക്കൽ | അധ്യാപകർ |

## ഹൈസ്കൂൾ വിഭാഗം

| നം | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|---|
| 1 | ഭാഷാപരമായപിന്നോക്കാവസ്ഥപരിഹരിക്കൽ. | 1.പ്രീ-ടെസ്റ്റ്<br>2.ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം ക്ലാസ്<br>3.ദിനാചരണങ്ങൾ | ജൂൺ<br>മാർച്ച് | വിദ്യാരംഗം<br>അധ്യാപകർ<br>അസംബ്ലി |
| 2 | കുട്ടിയെ മികച്ച വായനക്കാരനാക്കുക<br>കൈയക്ഷരം മെച്ചപ്പെടുത്തൽ | 1.വായനാക്കൂട്ടം രൂപീകരിക്കുക<br>2.പത്രവായന<br>3.വായനാനുഭവം പങ്കുവെയ്ക്കൽ<br>4.വിദ്യാരംഗം കലാസാഹിത്യ വേദി പ്രവർത്തനം<br>5.വായനാക്കുറിപ്പ്-പതിപ്പ്<br>6.വായനാമത്സരം | | വിദ്യാരംഗം<br>അധ്യാപകർ<br>അസംബ്ലി |
| 3 | സർഗ്ഗാത്മക രചനകളിൽ ഏർപ്പെടാൻ അവസരം | 1.കഥയരങ്ങ്, കവിയരങ്ങ്എന്നിവ സംഘടിപ്പിച്ച് ഉത്പന്നങ്ങൾ പ്രസിദ്ധീകരിക്കൽ | രണ്ട് മാസത്തിലൊരിക്കൽ | വിദ്യാരംഗം<br>കലാസാഹിത്യവേദി |
| 4 | ഭാഷയിലൂടെ വിവിധ ശേഷികളിൽ മികവു നേടുക | 1.എഴുത്തുകാരുടെ വായനാനുഭവം കുട്ടികളുമായി പങ്കുവെയ്ക്കൽ | വർഷത്തിൽ രണ്ടുപ്രാവശ്യം | എച്ച്.എം<br>പി.ടി.എ<br>അസംബ്ലി |
| 5. | വിവിധ സാഹിത്യ രൂപങ്ങൾ പരിചയപ്പെടാൻഅവസരം ഒരുക്കൽ | 1.ഗ്രന്ഥശാലയിലേക്ക് കൂടുതൽ പുസ്തകങ്ങൾ ഭവന സന്ദർശനത്തിലൂടെ കണ്ടെത്തൽ | വർഷത്തിൽ രണ്ടുപ്രാവശ്യം | പി.ടി.എ |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
| --- | --- | --- | --- |
| | 2. പിറന്നാൾ ദിനം ഒരു പുസ്തകം | യഥാസമയം | ലൈബ്രേറിയൻ |
| 6.ഒരു സാഹിത്യരൂപത്തെ മറ്റൊരു സാഹിത്യ രൂപത്തിലേക്ക് ആവിഷ്കരിക്കൽ | 1. ബാലസാഹിത്യകൃതികളുടെ നാടകാവിഷ്കരണം | പ്രതിമാസ പരിപാടി | ആർട്സ് ക്ലബ്ബ് അസംബ്ലി |
| 7.സർഗ്ഗശേഷികളുടെ പോഷണം | ചലചിത്ര പ്രദർശനം - നിരൂപണം സാഹിത്യകാരന്മാരുമായി അഭിമുഖം | വർഷത്തിൽ ഒരു പ്രാവശ്യം | വിദ്യാരംഗം |
| 8.കലാവാസനകളെ പരിപോഷിപ്പിക്കൽ | പാവ നാടകാവതരണം | വർഷത്തിൽ ഒരിക്കൽ | വിദ്യാരംഗം |
| 9. വിവിധ ശേഷികളുടെ വികസനം | ജൂൺ മുതൽ മാർച്ച് വരെദിനാചരണങ്ങളുമായിബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ എസ്.ആർ.ജിയിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു | ആവശ്യാനുസരണം | എസ്.ആർ.ജി |
| 10. സാഹിത്യകൃതികൾ ഫലപ്രദമായി ഉപയോഗിക്കൽ | അനുയോജ്യമായ അടിക്കുറിപ്പ്, കഥ, കവിത, എന്നിവ എഴുതിച്ചേർത്ത് വർക്ക്ഷീറ്റ് തയ്യാറാക്കൽ | മാസത്തിൽ ഒന്ന് | എസ്.ആർ.ജി<br>അധ്യാപകർ |
| 11.കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക | 1.എഴുത്തുകൂട്ട രൂപീകരണം<br>2 പുസ്തകചർച്ച<br>3.ക്ലാസ് ലൈബ്രറി<br>4.വായനാക്കുറിപ്പ്<br>5.വിവിധസാഹിത്യശാഖകൾ പരിചയപ്പെടൽ<br>6.ഇൻലന്റ്,മാഗസിൻ, ചുമർപ്പത്രിക-പതിപ്പ് | ആറുമാസം | അധ്യാപകർ<br>വിദ്യാരംഗം |

| | | | |
|---|---|---|---|
| | തയ്യാറാക്കൽ<br>7.എഴുത്തുകൂട്ടം-മോണിറ്ററിംഗ്<br>8.വായനാക്കുറിപ്പ്, ആസ്വാദനക്കുറിപ്പ്<br>9.പൊതുവേദികളിൽ സംസാരിക്കാനുള്ള കഴിവ്<br>10.വ്യക്തിഗതരചന, സംഘരചന<br>11.ഭാഷാ പ്രോജക്ട്<br>12.സംവാദം<br>13.രചയിതാക്കളെ പരിചയപ്പെടൽ<br>14.മലയാള നിഘണ്ടു<br>15.ചിത്ര ഗ്യാലറി<br>16.ദിനാചരണങ്ങൾ<br>17.സർഗ്ഗസൃഷ്ടികളുടെ പതിപ്പ് തയ്യാറാക്കൽ | | ലൈബ്രറി<br>അസംബ്ലി |

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ഉപമേഖല -  ഇംഗ്ലീഷ്

## യു.പി.വിഭാഗം

| നം | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|---|
| 1. | അക്ഷര പരിചയം | *പ്രീ ടെസ്റ്റ്<br>*അക്ഷരമാല | പ്രതിദിനം | അധ്യാപകർ |
| 2 | വായന | *ഉച്ചാരണം<br>*വാക്ക് നിർമ്മിക്കൽ<br>*വാക്യങ്ങൾ നിർമ്മിക്കൽ | എല്ലാ ദിവസവും | അധ്യാപകർ |
| 3 | കൈയ്യക്ഷരം മെച്ചപ്പെടുത്തൽ | *പകർത്തെഴുത്ത്<br>*കൈയ്യക്ഷര മത്സരം | ആഴ്ചയിൽ ഒന്ന് | ഭാഷാ ക്ലബ് |
| 4 | സംഭാഷണം | * കഥ പറയൽ<br>*ആക്ഷൻ സോംങ്<br>*ദിനാചരണങ്ങൾ<br>*സ്കിറ്റ് | മാസത്തിൽ ഒന്ന്<br>വർഷത്തിൽ രണ്ട് | അസംബ്ലി |

## ഹൈസ്കൂൾവിഭാഗം

| നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|---|
| 1. | പദപരിചയം | പ്രിടെസ്റ്റ് | പ്രതിദിനം | അധ്യാപകർ |
| 2 | ഇംഗ്ലീഷ് പഠനാന്തരീക്ഷം സൃഷ്ടിക്കൽ | -ക്ലാസ്സിൽ ഇംഗ്ലീഷ് പ്രസിദ്ധീകരണങ്ങൾ, പുസ്തകങ്ങൾ എന്നിവ ശേഖരിക്കൽ<br>-ബുള്ളറ്റിൻ ബോർഡിൽ വാർത്തകൾ പ്രദർശിപ്പിക്കൽ<br>-ഇന്നത്തെ ചിന്താവിഷയം | പ്രതിദിനം | ഭാഷാ ക്ലബ്ബ്<br>അധ്യാപകർ |
| 3 | വ്യാകരണശുദ്ധിയോടെഇംഗ്ലീഷ് പറയാനും എഴുതാനും കഴിയുന്നതിന് | -ഡയറിയെഴുത്ത്<br>-കഥയെഴുത്ത്<br>-സംഭാഷണം<br>-അവധിക്കാല വ്യാകരണ ക്ലാസ്<br>-കവിതയെഴുത്ത് | ആഴ്ചയിൽ ഒന്ന്<br>വർഷത്തിലൊരിക്കൽ | അധ്യാപകർ<br>അധ്യാപകർ |
| 4 | കളികളിലൂടെയുള്ള ഭാഷാപഠനം | -ഇംഗ്ലീഷ് പദ പ്രശ്നം നിർമ്മിക്കൽ<br>-അക്ഷരക്കാർഡ്<br>-ഐ.സി.ടി.സാധ്യത | പ്രതിമാസം | അധ്യാപകർ |
| 5 | സർഗ്ഗാത്മക രചന | -കഥയരങ്ങ് | | |

| | | | | |
|---|---|---|---|---|
| | നടത്തുന്നതിനുള്ള ശേഷി | -കവിതയരങ്ങ്<br>-ഓരോ മാസവും എന്തെങ്കിലും വിഷയം കേന്ദ്രീകരിച്ച് ബുള്ളറ്റിൻ തയ്യാറാക്കൽ<br>Eg:<br>June : Monsoon<br>July : Population<br>August: Freedom<br>September : Onam etc | പ്രതിമാസം | അധ്യാപകർ |
| 6 | തെറ്റില്ലാതെ ഇംഗ്ലീഷ് സംസാരിക്കൽ | -ആഴ്ചയിലൊരിക്കൽ ഇംഗ്ലീഷ്<br>-സ്പീക്കിംഗ് ഡേ<br>-ഇംഗ്ലീഷ് അസംബ്ലി | ആഴ്ചയിലൊരിക്കൽ | അസംബ്ലി |
| 7 | സാഹിത്യകാരന്മാരെ പരിചയപ്പെടുത്തൽ | -അഭിമുഖം<br>-അനുസ്മരണം | മാസത്തിലൊന്ന് | അധ്യാപകർ |
| 8 | മികച്ച എഴുത്തുകാരനാക്കി കുട്ടിയെ മാറ്റുക | -എഴുത്തുകൂട്ടം രൂപീകരണം<br>-വായനാക്കുറിപ്പ്<br>-ആസ്വാദനക്കുറിപ്പ്<br>-ഭാഷാപ്രോജക്ട്<br>-വ്യക്തിഗത രചന<br>-സംഘരചന<br>-പതിപ്പ് തയ്യാറാക്കൽ | മാസത്തിലൊരിക്കൽ<br>വർഷത്തിലൊന്ന് | അധ്യാപകർ |

# അക്കാദമിക മാസ്റ്റർ പ്ലാൻ
## ഉപമേഖല - ഹിന്ദി

## യു.പി.വിഭാഗം

| നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|---|
| 1. | അക്ഷരപരിചയം | -പ്രി-ടെസ്റ്റ് | | |
| 2. | അക്ഷരം ഉറപ്പിക്കൽ | - വായനാ കാർഡുകൾ<br>-വാക്കുകൾ നിർമ്മിക്കൽ<br>- വാക്യ നിർമ്മാണം<br>- ദിനാചരണം | പ്രതിദിനം | ഭാഷാധ്യാപകർ |
| 3. | വായനക്കാരനാക്കുക | - വായനാക്കൂട്ടം<br>- വായനാമൂല | ആഴ്ചയിൽ ഒരിക്കൽ | അധ്യാപകർ |
| 4. | എഴുത്തുകാരനാക്കുക | - കഥ<br>- കവിത<br>- സംഭാഷണം | മാസത്തിൽ ഒന്ന് | |

## ഹൈസ്കൂൾവിഭാഗം

| നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|---|
| 1. | ഭാഷപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | -പ്രീടെസ്റ്റ്<br>-വാക്കുകൾ നിർമ്മിക്കൽ<br>-വാക്യങ്ങൾ നിർമ്മിക്കൽ | പ്രതിദിനം | അധ്യാപകർ |
| 2. | ഹിന്ദി പഠനം കാര്യക്ഷമമാക്കൽ | -ഹിന്ദിയിൽവിവിധ പതിപ്പുകൾ തയ്യാറാക്കൽ<br>- നാടകീകരണം | മാസത്തിൽ ഒന്ന് | അധ്യാപകർ |
| 3. | ദൈനംദിന ജീവിതത്തിൽ ഹിന്ദി കേൾക്കുന്നതിനു എഴുതുന്നതിനുമുള്ള ശേഷി നേടൽ | -അക്ഷരങ്ങൾ, ചിത്രങ്ങൾ, ചിഹ്നങ്ങൾ, ചിത്രകഥകൾ വായിക്കുന്നു, എഴുതുന്നു, പദപ്രശ്നങ്ങൾപൂരിപ്പിക്കുന്നു | ആഴ്ചയിൽ ഒന്ന് | ഹിന്ദി ക്ലബ്ബ്<br>അധ്യാപകർ |
| 4. | ബാലസാഹിത്യ കൃതികൾ വായിക്കുന്നതിനും ആസ്വദിക്കുന്നതിനുമുള്ള ശേഷി | -ബാലസാഹിത്യകൃതികൾ വായിച്ച്അസംബ്ലിയിൽ അവതരിപ്പിക്കൽ<br>- തിരക്കഥ<br>- നാടകം | മാസത്തിൽ ഒന്ന് | അധ്യാപകർ |
| 5 | മികച്ചഎഴുത്തുകാരനാക്കിമാറ്റുക | - വായനാക്കുറിപ്പ്<br>- ആസ്വാദനക്കുറിപ്പ്<br>- വ്യക്തിഗത രചന<br>- സംഘ രചന<br>-സംഭാഷണം<br>-രചയിതാക്കളെ പരിചയപ്പെടൽ | ആറുമാസം | അധ്യാപകർ, ഹിന്ദി ക്ലബ്ബ് |

# അക്കാദമിക മാസ്റ്റർ പ്ലാൻ
# ഉപമേഖല – സോഷ്യൽ സയൻസ്

# യു.പി.വിഭാഗം

| നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
| --- | --- | --- | --- | --- |
| 1. | സാമൂഹ്യശാസ്ത്ര പഠനം കൂടുതൽശാസ്ത്രീയമാക്കുക | -സാമൂഹ്യശാസ്ത്ര ലാബ്ക്രമീകരിക്കൽ<br>-ക്ലബ്ബ് രൂപീകരിക്കൽ | വർഷത്തിൽ ഒന്ന് | സോഷ്യൽ സയൻസ് ക്ലബ്ബ് |
| 2. | പ്രത്യക്ഷാനുഭവത്തിലൂടെ പാഠ്യ വസ്തുതകൾ ഗ്രഹിക്കുന്നതിന് | -സാമൂഹ്യ ശാസ്ത്രപ്രധാന്യമുള്ള സ്ഥലങ്ങളിലേയ്ക്ക് നടത്തുന്ന പഠനയാത്ര | വർഷത്തിൽ ഒന്ന് | അധ്യാപകർ |
| 3. | ആനുകാലിക വിഷയങ്ങളെക്കുറിച്ച് സംവാദം | -സമകാലികപ്രസക്തിയുള്ള വിഷയങ്ങളെക്കുറിച്ച് സംവാദം<br>-പാനൽ ചർച്ച | മാസത്തിൽ ഒന്ന് | അധ്യാപകർ |
| 4. | ജനാധിപത്യ മൂല്യങ്ങൾവളർത്തിയെടുക്കൽ | -പ്രകടന പത്രിക<br>-പ്രചാരണം<br>-മീറ്റ് കാൻഡിഡേറ്റ്<br>-ബാലറ്റ് പേപ്പർ വച്ചുള്ള വോട്ടെടുപ്പ് | വർഷത്തിൽ ഒരിക്കൽ | സോഷ്യൽ സയൻസ് ക്ലബ്ബ് |
| 5. | സാമൂഹ്യശാസ്ത്രവിഷയത്തിന്റെവിശാലമായ ഭൂമികയിലേയ്ക്ക് പ്രവേശിപ്പിക്കൽ | *സ്കൂൾപാർലമെന്റ് രൂപീകരിക്കൽ<br>* അധിക വായനയ്ക്ക് ഉപകരിക്കുന്ന പുസ്തകങ്ങൾ<br>* അറ്റ് ലസുകൾ<br>* സാമൂഹ്യശാസ്ത്ര കോർണർ ഒരുക്കൽ | പ്രതിവർഷം | അധ്യാപകർ |
| 6. | കുട്ടിയെ സാമൂഹികബോധമുള്ള വ്യക്തിയാക്കി മാറ്റുക | * പത്രവായന<br>*ദിനാചരണങ്ങൾ<br>* സംവാദം<br>* പരിസ്ഥിതി ശുചീകരണം<br>* ബോധവൽക്കരണം<br>* സെമിനാർ | ആറുമാസത്തിൽ ഒരിക്കൽ | അധ്യാപകർ |

# ഹൈസ്കൂൾ വിഭാഗം

| നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|---|
| 1. | താനൾപ്പെടുന്ന സമൂഹത്തെക്കുറിച്ചുള്ള ശരിയായ ധാരണ കുട്ടികൾക്കിടയിൽ ഉളവാകുന്നതിന് | * ക്വിസ്സ്<br>*സാമൂഹ്യശാസ്ത്രത്തിന്റെ പഠനത്തെക്കുറിച്ചുള്ള ചർച്ച | ആഴ്ചയിൽ ഒരിക്കൽ | അധ്യാപകർ |
| 2. | വ്യക്തിയും സമൂഹവും തമ്മിലുള്ള ബന്ധത്തെക്കുറിച്ചുള്ള പഠനം | * കുറിപ്പ് തയാറാക്കൽ<br>* സർവ്വേ<br>* സെമിനാർ<br>സംവാദം | വർഷത്തിൽ ഒന്ന് | സോഷ്യൽ സയൻസ്ക്ലബ്ബ് |
| 3. | ആദികാല മനുഷ്യജീവിതം<br>*ഓരോ ശിലായുഗത്തിന്റെയും കാലഘട്ടം<br>* പ്രാദേശിക ജീവിത സവിശേഷത | * ഭൂപടം ഉപയോഗിച്ചുള്ള പഠനം<br>*ചിത്രങ്ങൾ<br>*പ്രാചീന-മധ്യ-നവീന ശിലായുഗത്തിലെ ഉപകരണങ്ങളുടെ ചിത്രങ്ങൾശേഖരിച്ച്കുറിപ്പ് തയ്യാറാക്കൽ<br>ഐ.സി.ടി.സാധ്യത | പ്രതിമാസം | അധ്യാപകർ |
| 4. | സംസ്കാര പൈതൃകം കെട്ടിപ്പെടുത്താൻകുട്ടികളെ പ്രാപ്തരാക്കാനുള്ള പദ്ധതികൾ | * ഭൂപട നിരീക്ഷണം<br>* കുറിപ്പ് തയ്യാറാക്കൽ<br>*ഡിജിറ്റൽ ആൽബംതയ്യാറാക്കൽ<br>* സെമിനാർ<br>* പഠനയാത്ര<br>* വിവിരശേഖരണം | വർഷത്തിൽ ഒരിക്കൽ | അധ്യാപകർ |
| 5. | ഭൂമിയെക്കുറിച്ചുള്ള അവലോകനം | *അനിമേഷൻ വീഡിയോ ദൃശ്യങ്ങൾ<br>* ചാർട്ട്<br>* പട്ടിക തയ്യാറാക്കൽ<br>* വർഗ്ഗീകരണം<br>* പ്രോജക്ട് | ആറുമാസം | അധ്യാപകർ |
| 6. | ഇന്ത്യൻ സമ്പദ്ഘടനയുടെ അടിസ്ഥാന മേഖലകൾ പരിചയപ്പെടുന്നതിന്<br>കൃഷി, ധാതുക്കൾ, വ്യവസായം, ഗതാഗതം | *ഇന്ത്യയിലെ കാർഷിക വിളകൾ, ചിത്രങ്ങൾഎന്നിവയുടെ വിശകലനം<br>*ഗതാഗത മാർഗ്ഗങ്ങൾ കണ്ടെത്തൽ<br>* ചർച്ച,ഫീൽഡ് ട്രിപ്പ്<br>*ഐ.സി.ടി.സാധ്യത<br>* Peer group assessment | പ്രതിവർഷം | അധ്യാപകർ |

| | | | |
|---|---|---|---|
| | * ചർച്ച ,സെമിനാർ, സംവാദം | | |
| മതേതര ജനാധിപത്യബോധമുള്ള മനോഭാവം സൃഷ്ടിക്കൽ | *ജനാധിപത്യ തത്വങ്ങളെക്കുറിച്ച് പ്രഭാഷണം<br>* ചർച്ച | ആഴ്ചയിൽ ഒരിക്കൽ | അധ്യാപകർ |
| സഹിഷ്ണുതാ മനോഭാവം വളർത്തിയെടുക്കൽ | * സെമിനാർ<br>* ചർച്ച<br>* പത്രവായന<br>*ഐ.സി.ടി.സാധ്യത | പ്രതിവർഷം<br>പ്രതിദിനം | അധ്യാപകർ |
| സാമൂഹ്യശാസ്ത്ര അറിവുകളെ അപ്ഡേറ്റ്ചെയ്യൽ | *ബുള്ളറ്റിൻബോർഡ് സ്ഥാപിച്ച് വാർത്തകൾ പ്രദർശിപ്പിക്കൽ | എല്ലാ ദിവസവും | സോഷ്യൽ സയൻസ് ക്ലബ്ബ് |

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ഉപമേഖല - സയൻസ്

# യു.പി.വിഭാഗം

| നം | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|---|
| 1. | കുട്ടിയുടെ ശാസ്ത്രാവബോധം പരിശോധിക്കുക | * പ്രീ ടെസ്റ്റ്<br>* കളക്ഷൻ, ചിത്രങ്ങൾ, വസ്തുക്കൾ<br>* പതിപ്പ് തയാറാക്കൽ<br>*പഠനസാമഗ്രികളുടെ നിർമ്മാണം | രണ്ടുമാസം | അധ്യാപകർ<br>പരീക്ഷണ ശാല |
| 2. | മികച്ച കർഷകനാക്കി മാറ്റൽ | *സ്കൂളിലുംവീട്ടിലും അടുക്കളത്തോട്ടം, പൂന്തോട്ടം എന്നിവ നിർമ്മിക്കൽ<br>*ജൈവകീടനാശിനി നിർമ്മാണം<br>*ഔഷധത്തോട്ടം, പതിപ്പ് | ആറുമാസം | അധ്യാപകർ സയൻസ് ക്ലബ്ബ് |
| 3. | ജീവജാലങ്ങളെക്കുറിച്ച് അറിവ് നേടൽ | *ഐ.സി.ടി.സാധ്യത<br>*ക്വിസ്സ്<br>*താരതമ്യക്കുറിപ്പ് | പ്രതിമാസം | അധ്യാപകർ |
| 4. | രോഗങ്ങൾ വരാനുള്ള കാരണങ്ങൾ, പരിഹാരമാർഗ്ഗങ്ങൾ | *സെമിനാർ(വ്യക്തി ശുചിത്വം, പരിസരശുചിത്വം<br>*കുത്തിവെയ്പുകൾ, ഗുളികകളെക്കുറിച്ചുള്ള ക്ലാസ്സുകൾ<br>*ജൈവ വള നിർമ്മാണം | പ്രതിവാരം | സയൻസ് & നേച്ചർക്ലബ്<br>ലൈബ്രറി |
| 5. | പ്രകൃതിസംരക്ഷണത്തിന്റെ ആവശ്യകത | *ജലം,വായു,മണ്ണ് എന്നിവയുടെ പ്രാധാന്യം തിരിച്ചറിയുന്നതിനായി - ഉപന്യാസം<br>*ഫീൽഡ് ട്രിപ്പ്<br>*ജൈവവൈവിധ്യപാർക്ക് നിർമ്മിക്കൽ<br>* ശലഭോദ്യാനം<br>* പോസ്റ്റർ നിർമ്മാണം<br>*നോട്ടീസ്<br>* ദിനാചരണങ്ങൾ | ആറു മാസം | ലൈബ്രറി |
| 6. | കുട്ടിയെ പ്രകൃതി സ്നേഹിയാക്കി മാറ്റൽ | സംവാദം<br>ചർച്ച<br>കർഷകനുമായി അഭിമുഖം | പ്രതിമാസം | സയൻസ് ക്ലബ്ബ് |

# ഹൈസ്കൂൾവിഭാഗം

| നം | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല |
| --- | --- | --- | --- | --- |
| 1. | ശാസ്ത്രീയ അഭിരുചി പരിശോധിക്കൽ | *ലഘു പരീക്ഷണത്തിൽ ഏർപ്പെടൽ<br>*ശാസ്ത്രീയ തത്ത്വങ്ങൾ മനസിലാക്കി നിഗമനങ്ങൾ രൂപീകരിക്കൽ<br>* പഠന സാമഗ്രികൾ<br>*സയൻസ് മാഗസിനുകൾ ശേഖരിക്കൽ<br>*ഐ.സി.ടി.സാധ്യത | രണ്ടു മാസം | അധ്യാപകർ<br>സയൻസ് ക്ലബ്ബ് |
| 2. | ഊർജ്ജസംരക്ഷണത്തിന്റെ ആവശ്യകത | * ഉപന്യാസമത്സരങ്ങൾ<br>*കാർട്ടൂൺ, ചിത്രരചന | പ്രതിമാസം | അധ്യാപകർ |
| 3. | ശാസ്ത്രീയ രീതി പരിശോ ധിക്കൽ | *ശാസ്ത്രജ്ഞന്മാരെ പരിചയപ്പെടുത്തൽ<br>*പീരിയോഡിക് ടേബിൾ നിർമ്മിക്കൽ<br>*ലോഹം, മൂലകം, സംയുക്തം എന്നിവ തരംതിരിക്കൽ<br>*രാസനാമങ്ങൾ പട്ടികപ്പെടുത്തൽ<br>*രാസവസ്തുക്കൾ തിരിച്ചറിയൽ<br>*ഫീൽഡ് ട്രിപ്പ് | രണ്ടുമാസം | ലബോറട്ടറി |
| 4. | ശാസ്ത്ര തത്ത്വങ്ങൾ ആവിഷ്കരിക്കൽ | *സയൻസ് എക്സിബിഷൻ സംഘടിപ്പിക്കുന്നു<br>*ഫീൽഡ് ട്രിപ്പ് - കുസാറ്റ് സന്ദർശനം | പ്രതിമാസം | അധ്യാപകർ |
| 5. | ശാസ്ത്രത്തിന്റെ ദുരുപയോഗം തടയൽ | *സെമിനാർ, പ്ലാസ്റ്റിക് ഉപയോഗം പരിമിതപ്പെടുത്തൽ<br>*പ്രകൃതി സൗഹൃദ വസ്തുക്കളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കൽ<br>*പേപ്പർപേനയുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുക. | പ്രതിദിനം | |
| 6. | കുട്ടിയെ പ്രകൃതി സൗഹൃദശാസ്ത്രജ്ഞനാക്കി മാറ്റൽ | പരീക്ഷണങ്ങൾ ചെയ്യിക്കൽ<br>മോഡൽ നിർമ്മിക്കൽ<br>സംവാദം<br>പ്രസംഗ മത്സരം<br>ഐ.സി.ടി.സാധ്യത | ആറുമാസത്തിൽ ഒരിക്കൽ | സയൻസ് ക്ലബ്ബ് |
| 7. | ജീവശാസ്ത്രത്തിന്റെ പ്രത്യേകതയുംഅവയുടെ പ്രാധാന്യവുംമനസ്സിലാക്കുന്നു | *പ്രീടെസ്റ്റ്<br>*പട്ടികപ്പെടുത്തൽ<br>*ജീവിയഘടകങ്ങളും അജീവിയ<br>*ഘടകങ്ങളുടെയും പേരുകൾചാർട്ടിൽ പ്രദർശിപ്പിക്കൽ | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| 1.ജീവശാസ്ത്രത്തിന്റെ പ്രത്യേകതയും അവയുടെ പ്രാധാന്യവും മനസ്സിലാക്കുന്നു. | *പ്രീ ടെസ്റ്റ്<br>* പട്ടികപ്പെടുത്തൽ<br>*ജീവിയഘടകങ്ങളുടെയുംഅജീവിയഘടകങ്ങളുടെയും പേരുകൾ ചാർട്ടിൽ പ്രദർശിപ്പിക്കൽ<br>*തരംതിരിക്കൽ<br>*ആവാസ വ്യവസ്ഥ ചിത്രീകരിക്കുന്ന സി.ഡി പ്രദർശനം<br>* ജൈവവൈവിധ്യ പാർക്ക് നിർമ്മിക്കൽ<br>*സംവാദം(ജൈവ വൈവിധ്യത്തിന്റെ ആവശ്യകത)<br>*ചിത്രം ആഹാര ശൃംഖല | രണ്ടു മാസം | അധ്യാപകർ |
| 2.ഔഷധ ചെടികളെ തിരിച്ചറിയൽ | * ശേഖരിക്കൽ<br>*പേരുകൾ തിരിച്ചറിയൽ<br>* നെയിം ബോർഡ് തയ്യാറാക്കൽ<br>*സെമിനാർ സംഘടിപ്പിക്കൽ<br><br>സസ്യങ്ങളും ഔഷധഗുണവും<br>* ഹെർബെറിയം നിർമ്മിക്കൽ<br>*പൂന്തോട്ട നിർമ്മാണം<br>*Today's Plant പ്രദർശനം(എല്ലാ ദിവസവും ഒരു ചെടിയെ അതിന്റെ പേരു | ആറു മാസം | സയൻസ് ക്ലബ്ബ് |

| | | | |
|---|---|---|---|
| | ഔഷധഗുണങ്ങളും) | | |
| 3.സെൻസ് ഓർഗൻസ് തിരിച്ചറിയൽ | * ചിത്രം - സെൻസ് ഓർഗൻസ്- സെമിനാർ<br>*ചാർട്ട് പ്രദർശിപ്പിക്കൽ (ഘടനയുംധർമ്മവും)<br>* അവയവദാനം(പോസ്റ്റർ | വർഷത്തിൽ ഒരിക്കൽ | അധ്യാപകർ |
| 4.പോഷകാഹാരങ്ങൾ പരിചയപ്പെടുത്തൽ | * ചിത്രം പേരെഴുതുക<br>*സി.ഡി) ഡെഫിഷ്യൻസി സിൺട്രോം)<br>*ഫുഡ് എക്സിബിഷൻ | വർഷത്തിൽ രണ്ടു പ്രാവശ്യം | സയൻസ് ക്ലബ്ബ് |
| 5. പാരിസ്ഥിതിക പ്രശ്നങ്ങൾ തിരിച്ചറിയൽ | * കറിപ്പ് തയ്യാറാക്കൽ<br>*ചിത്രരചന(പരിസ്ഥിതി മലിനീകരണം)<br>*സി.ഡി(പ്രകൃതി ദുരന്തങ്ങൾ)<br>*പോസ്റ്റർ തയ്യാറാക്കൽ<br>* പ്ലാസ്റ്റിക് രഹിത വിദ്യാലയം പ്രതിജ്ഞ എടുക്കൽ<br>*പാഴ് വസ്തുക്കൾ ഉപയോഗിച്ച് ഹാങിങ് ഗാർഡനുകൾ തയാറാക്കൽ | ആഴ്ചയിൽ ഒരിക്കൽ | അധ്യാപകർ |
| 6. നല്ല ആരോഗ്യമുള്ള കട്ടികളാക്കക | * കറിപ്പ് തയ്യാറാക്കക രോഗങ്ങൾ വരാതിരിക്കാൻ എന്തെല്ലാം കാര്യങ്ങൾ ചെയ്യാൻ കഴിയും)<br>*സെമിനാർ<br>* ചാർട്ട്- രോഗങ്ങളും രോഗകാരികളും | ആറുമാസം | സയൻസ് ക്ലബ് |

# അക്കാദമിക മാസ്റ്റർ പ്ലാൻ-

# ഉപമേഖല -ഗണിതം

# യു.പി.വിഭാഗം

| നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
| --- | --- | --- | --- | --- |
| 1 | കണക്കിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുന്നോക്കാവസ്ഥയിൽ എത്തിക്കുക | - പ്രീടെസ്റ്റ്<br>-സങ്കലന പട്ടിക<br>-ഗുണനപട്ടിക<br>-മനപാഠമാക്കൽ<br>-ചതുഷ്ടയകൾ<br>-ഗണിതയാത്ര<br>-മരപ്പണിശാലാ സന്ദർശനം,തടിയുടെ വില,നീളം, വണ്ണം<br>-പ്രകൃതിയിലെ ഗണിതം(ഇലകളുടെ ആകൃതി) എണ്ണം ദളങ്ങളുടെ വിന്യാസം ആസ്വദിക്കൽ,<br>-ഡയറിക്കുറിപ്പ് നിർമ്മാണം<br>-വിവിധതരം കളികൾ (സമയക്രമീകരണം, ദൂരം, നീളം)<br>-നിർമ്മാണ പ്രവർത്തനം(നക്ഷത്രം, കൂട്ട,ബാസ്ക്കറ്റ്)<br>-ടാൻഗ്രാം, ചെസ്സ്, ഒറിഗാമി ഗണിതലാബിലേക്കാവശ്യമായ ഉപകരണങ്ങളുടെ നിർമ്മാണം , ശേഖരണം | ആറുമാസം | അധ്യാപകർ<br>രക്ഷിതാക്കൾ |
| 2 | കുട്ടികളെ നിത്യജീവിതത്തിൽ പ്രയോജനപ്പെടുന്ന കണക്കുകൾ കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കുക | -പാചകപ്പുരയുടെ അളവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ<br>-അംശബന്ധം<br>-ഗണിതമൂല<br>-സർവ്വേ-കറന്റ് ബിൽ-കുടുംബ ബഡ്ജറ്റ്, ടി.വി കാണൽ<br>-നാട്ടറിവുകളുടെ ശേഖരണം | വർഷത്തിൽ ഒന്ന് | അധ്യാപകർ |

| | | | | |
|---|---|---|---|---|
| | | -മനകണക്കിന്റെ<br>പ്രാധാന്യം,ഊഹക്കച്ചവടം<br>നക്ഷത്ര നിരീക്ഷണം<br>വിദഗ്ധരുടെക്ലാസ്<br>ഗണിതവുമായി ബന്ധപ്പെട്ട<br>-ദിനാചരണങ്ങൾ | | |
| 3 | ഗണിത ശാസ്ത്രജ്ഞന്മാരെ പരിചയപ്പെടുത്തൽ | -ജീവചരിത്രക്കുറിപ്പ്<br>-പ്രധാന സംഭവങ്ങൾ<br>-ആൽബം ചുവർപത്രിക<br>-സംഖ്യാപാറ്റേൺ<br>-ജ്യാമിതീയ പാറ്റേൺ<br>-ഗണിത ചോദ്യപ്പെട്ടി<br>-സെമിനാർ,പ്രോജക്ട്,<br>അഭിമുഖചർച്ച<br>-പണമിടപാടുകൾ,<br>പലിശ,ലാഭം, നഷ്ടം,<br>ശതമാനം | ആഴ്ചയിൽ ഒരിക്കൽ | അധ്യാപകർ |
| 4 | കുട്ടിയെ ഗണിതാഭിരുചിയുള്ള വ്യക്തിയാക്കി മാറ്റുന്നു. | - ഗണിതമേളകൾ<br>- കലണ്ടർ-പരിചയപ്പെടൽ<br>-പഴയതും പുതിയതുമായ അളവുകൾ പരിചയപ്പെടൽ<br>-അളക്കൽ-പരപ്പളവ്-ചുറ്റളവ്<br>- വിവിധ തരം കറൻസികൾ, മൂല്യം പരിചയപ്പെടൽ<br>-ഗണിതമാഗസിൻ | മാസത്തിൽ ഒരിക്കൽ | അധ്യാപകർ |

# ഹൈസ്കൂൾവിഭാഗം

| നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | പിന്തുണ |
|---|---|---|---|---|
| 1 | കണക്കിൽ പിന്നോക്കം നിൽക്കുന്നവരെ മുന്നോക്കം കൊണ്ടു വരുന്നതിന് | -സങ്കലന പട്ടിക<br>-ഗുണനപട്ടിക<br>-മനപാഠമാക്കൽ<br>-ചതുഷ്ക്രിയകൾ<br>-ഗണിതയാത്ര<br>-മരപ്പണിശാലാ സന്ദർശനം,തടിയുടെ വില,നീളം, വണ്ണം<br>-പ്രകൃതിയിലെ ഗണിതം(ഇലകളുടെ ആകൃതി) എണ്ണം ദളങ്ങളുടെ വിന്യാസം<br>-നിർമ്മാണ പ്രവർത്തനം (നക്ഷത്രം, കട്ട,ബാസ്കറ്റ്)<br>-ടാൻഗ്രാം, ചെസ്സ്, ഒറിഗാമി ഗണിതലാബിലേക്കാവശ്യമായ ഉപകരണങ്ങളുടെ നിർമ്മാണം , ശേഖരണം | ആറു മാസം | അധ്യാപകർ |
| 2 | രസകരമായ ഗണിതശാസ്ത്ര പഠനവും കരചലന ശേഷികളുടെ വാകാസവും | ഗണിതസവിശേഷതകൾ പട്ടികപ്പെടുത്തൽ, പ്രദർശിപ്പിക്കൽ | വർഷത്തിൽ ഒരിക്കൽ | അധ്യാപകർ |
| 3 | ഗണിതപഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | ഗണിത ലാബ് സജ്ജമാക്കൽ | ആവശ്യാനുസരണം | അധ്യാപകർ |
| 4 | ഗണിതം മധുരമാക്കൽ | ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യംനൽകി പാർക്ക് സജ്ജമാക്കൽ | ഒരു പ്രാവശ്യം | അധ്യാപകർ |
| 5 | കുട്ടികളെ നിത്യജീവിതത്തിൽ പ്രയോജനപ്പെടുന്ന കണക്കുകൾ കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കൽ | -പാചകപ്പുരയുടെ അളവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ<br>-അംശബന്ധം<br>-ഗണിതമൂല<br>-സർവ്വേ-കറന്റ് ബിൽ-കുടുംബ ബഡ്ജറ്റ്, ടി.വി കാണൽ<br>-നാട്ടറിവുകളുടെ ശേഖരണം<br>-മനക്കണക്കിന്റെ പ്രാധാന്യം,ഊഹക്കച്ചവടം | പാഠാനുബന്ധമായി | അധ്യാപകർ<br>എസ്.ആർ.ജി |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| 6. കുട്ടികളെനിത്യ ജീവിതത്തിൽ പ്രയോജനപ്പെടുന്ന കണക്കുകൾ കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കുന്നു | * ഗണിതശാസ്ത്രജ്ഞന്മാരെ പരിചയപ്പെടുത്തൽ, ജീവചരിത്രക്കുറിപ്പ്, പ്രധാന സംഭവങ്ങൾ,ആൽബം, ചുവർപത്രിക | ആവശ്യാനുസരണം | അധ്യാപകർ |
| | ➔ സംഖ്യാപാറ്റേൺ, ജ്യാമിതീയ പാറ്റേൺ ഗണിത ചോദ്യപ്പെട്ടി | | |
| | ➔ സെമിനാർ, പ്രൊജക്ട്,അഭിമുഖം, ചർച്ച | ആറുമാസം | അധ്യാപകർ |
| | ➔ പണമിടപാടുകൾ ,പലിശ,കടം,ലാഭം, നഷ്ടം, ശതമാനം | | |
| | ➔ ഗണിതമേളകൾ, ക്വിസ് | | |
| | ➔ കലണ്ടർ പരിചയപ്പെടൽ | പ്രതിമാസം | അധ്യാപകർ |
| | ➔ പഴയതും പുതിയതുമായ അളവുകൾ പരിചയപ്പെടൽ | | |
| | ➔ അളക്കൽ, പരപ്പളവ്,ചുറ്റളവ് | പ്രതിദിനം | |
| | ➔ വിവിധതരം കറൻസികൾ, മൂല്യം പരിചയപ്പെടൽ, ഗണിതമാഗസിൻ | വർഷത്തിൽ ഒരിക്കൽ | അധ്യാപകർ |

# അക്കാദമികമാസ്റ്റർ പ്ലാൻ

## ഉപമേഖല-കലാവിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| കലാവാസനകൾക്ക് പരിപോഷണം | ബാൻഡ് സെറ്റ്, നാടൻപ്പാട്ട്, ദേശഭക്തിഗാനം, സംഘഗാനം എന്നിവയ്ക്ക് പരിശീലനം നൽകൽ | അവധി ദിവസങ്ങൾ | ആർട്സ് ക്ലബ്ബ്, കലാധ്യാപകർ |
| കായിക പരിശീലനം കാര്യക്ഷമമാക്കൽ | രാവിലെയും വൈകുന്നേരവും കായിക പരിശീലനം നൽകൽ | ആഴ്ചയിൽ മൂന്ന് ദിവസം | പി.ടി.എ, എച്ച്.എം |
| ആരോഗ്യമുള്ള സമൂഹത്തെ രൂപപ്പെടുത്തൽ | കുട്ടികൾക്ക് ആവശ്യമായ പരിശോധനടത്തി വാക്സിനേഷൻ നൽകൽ | വർഷത്തിൽ ഒരിക്കൽ | എച്ച്.എം, പി.ടി.എ |
| കാർഷിക സംസ്കൃതിയെ വീണ്ടെടുക്കൽ | സൗകര്യപ്രദമായ സ്ഥലത്ത് ആകർഷകമായ വിധത്തിൽ പച്ചക്കറിതോട്ടം നിർമ്മിക്കൽ | വർഷത്തിൽഒരിക്കൽ | നേച്ചർക്ലബ്ബ് |
| പ്രകൃതിയെ അടുത്തറിയാൻ അവസരമൊരുക്കുക | സൗകര്യപ്രദമായ സ്ഥലത്ത് ജൈവവൈവിധ്യ പാർക്ക് നിർമ്മിക്കൽ | വർഷത്തിൽ ഒരിക്കൽ | നേച്ചർ ക്ലബ്ബ് |
| കുട്ടികളുടെ പഠനം കൂടുതൽ മെച്ചപ്പെടുത്തൽ | ക്ലാസ് പി.ടി.എ കൃത്യമായ അജണ്ട വെച്ച് പ്രതിമാസം ചേരൽ, അവതരണം, ചർച്ച | പ്രതിമാസ പരിപാടി | ക്ലാസ് ടീച്ചർ എച്ച്.എം |
| ആരോഗ്യമുള്ള ശരീരം പഠനത്തിന് അനിവാര്യം | ആഴ്ചയിൽ ഓരോ ദിവസവും പ്രത്യേക മെനുവച്ച് പോഷകസമൃദ്ധമായ ഉച്ചഭക്ഷണം നൽകൽ | എല്ലാ പ്രവൃത്തി ദിവസങ്ങളിലും | ഉച്ചഭക്ഷണ ചുമതലയുള്ള ടീച്ചർ,എച്ച്.എം, പി.ടി.എ |
| വിദ്യാലയത്തിന്റെ പ്രശ്നങ്ങൾ കണ്ടെത്തുന്നതിനും കൂടുതൽ | പൂർവ്വ വിദ്യാർത്ഥികളുടെ ഡേറ്റാ ബാങ്ക് | വർഷത്തിൽ ഒന്ന് | പി.ടി.എ, എച്ച്.എം, എസ്.ആർ.ജി |

| | | | |
|---|---|---|---|
| മികവുറ്റതാക്കുന്നതിന് | തയ്യാറാക്കുന്ന മെച്ചപ്പെട്ടുത്തേണ്ട പ്രവർത്തനങ്ങൾ കണ്ടെത്തുന്നു | | |
| ക്ലാസ് ലൈബ്രറിയുടെ നവീകരണം | ക്ലാസ് ടീച്ചറും കുട്ടികളും ജന്മദിനത്തിൽ ഒരു പുസ്തകം വീതംക്ലാസ് ഗ്രന്ഥശാലയിലേക്ക് സംഭാവന ചെയ്യുന്നു | എല്ലാ ജന്മദിനങ്ങളിലും | ക്ലാസ് ടീച്ചർ, ക്ലാസ് ലീഡർ |
| കവികളേയും കൃതികളേയും പരിചയപ്പെടാൻ അവസരമൊരുക്കൽ | ഓരോ കുട്ടികൾക്കും ഓരോ സാഹിത്യകാരന്മാരുടെ പേരുകൾ നൽകുന്നു. അവർ അതിന്റെ ലഘു ജീവചരിത്രം തയ്യാറാക്കുന്നു. പുസ്തക രൂപത്തിലാക്കുന്നു | വർഷത്തിൽ ഒരു തവണ | എസ്.ആർ.ജി |
| പത്താംക്ലാസ്സിലെ കുട്ടികൾക്ക് ഈവനിംഗ് പരിശീലനം | പരീക്ഷയ്ക്കു മുമ്പായി രണ്ടു മാസം പ്രത്യേകംപരിശീലനം കൊടുക്കുന്നു | പ്രതിവർഷം രണ്ടു മാസം | പി.ടി.എ, എസ്.ആർ.ജി, ടീച്ചേഴ്സ് |
| കേരളീയരുടെ പ്രാചീനനാടൻഭക്ഷണങ്ങൾ പരിചയപ്പെടൽ | റെസിപ്പിയും ഭക്ഷണവും കൊണ്ടു വന്ന് മേള നടത്തൽ | വർഷത്തിൽ ഒരു പ്രാവശ്യം | ടീച്ചർ, പി.ടി.എ |

| തീയതി | ദിനാചരണം | പ്രവർത്തനങ്ങൾ | ചുമതല |
|---|---|---|---|
| June 3 | പ്രവേശനോത്സവം | * ബാന്റ് സെറ്റിന്റെ അകമ്പടിയോടെ ആനയിക്കൽ<br>* പൂച്ചെണ്ട് നൽകൽ, പഠനകിറ്റ് വിതരണം<br>* മധുരം നൽകൽ | അധ്യാപകർ<br>രക്ഷിതാക്കൾ<br>പി.ടി.എ |
| June 3 | ജി.ശങ്കരക്കുറുപ്പ് ദിനം | * അസംബ്ലിയിൽ ജി.യുടെ അനുസ്മരണം<br>* കൃതികൾ പരിചയപ്പെടൽ<br>* പോസ്റ്റർ നിർമ്മാണം, കവിതയരങ്ങ് | മലയാളം ക്ലബ്ബ് |
| June 5 | പരിസ്ഥിതി ദിനം | * പരിസ്ഥിതി ദിന പ്രതിജ്ഞ, സന്ദേശം<br>*പോസ്റ്റർ നിർമ്മാണം,റാലി<br>*പ്ലാസ്റ്റിക് നിരോധിത സ്കൂൾ പ്രഖ്യാപനം<br>*ഡ്രൈ ഡേ ആചരണം<br>*വൃക്ഷത്തൈ നടൽ | നേച്ചർ ക്ലബ്ബ്<br>സോഷ്യൽ സയൻസ് |
| June 8 | സമുദ്രദിനം | *പതിപ്പ് തയാറാക്കൽ<br>*സമുദ്രങ്ങൾ പരിചയപ്പെടൽ<br>*സംവാദം | നേച്ചർക്ലബ്ബ്<br>സോഷ്യൽ സയൻസ് |
| June 12 | ബാലവേല വിരുദ്ധ ദിനം | * പോസ്റ്റർ നിർമ്മാണം<br>*ബാലഭവൻ സന്ദർശനം | സോഷ്യൽ സയൻസ് |
| June 15 | World elder abuse awareness day | * പ്രതിജ്ഞ ബോധവത്ക്കരണം | ഇംഗ്ലീഷ് സയൻസ് |
| June 19 | വായന ദിനം | * വായനാവാരാഘോഷം<br>*പുസ്തക പരിചയം<br>*അക്ഷരമരം<br>*കൈയക്ഷര മത്സരം<br>*പോസ്റ്റർ നിർമ്മാണം<br>*സാഹിത്യക്വിസ്<br>*പുസ്തക മേള | മലായളം<br>ഇംഗ്ലീഷ്<br>ഹിന്ദി |
| June 26 | ലോകമയക്കു മരുന്ന് ദിനം | * ബോധവൽക്കരണം<br>*പോസ്റ്റർ<br>*മാജിക്ക് ഷോ<br>* സിനിമാ പ്രദർശനം | സോഷ്യൽ സയൻസ് |
| | | | |
| July 5 | ബഷീർ ചരമദിനം | * അനുസ്മരണം | |

| | | | |
|---|---|---|---|
| | | * കൃതികൾ പരിചയപ്പെടുന്ന<br>*കഥാപാത്ര പരിചയം<br>*പോസ്റ്റർ നിർമ്മാണം | മലയാളം |
| July 6 | ഉള്ളൂർ ജന്മദിനം | * ആധുനിക കവിതാ പരിചയം<br>* കൃതികൾ പരിചയപ്പെടുത്തൽ<br>* കവിതയരങ്ങ്<br>* പോസ്റ്റർ നിർമ്മാണം<br>* തൂലികാ നാമം പരിചയപ്പെടൽ<br>*സാഹിത്യക്വിസ്<br>* പുസ്തകപ്രദർശനം | മലയാളം |
| July 11 | ലോക ജനസംഖ്യാദിനം | * ജനസംഖ്യ കണക്കെടുപ്പിനെക്കുറിച്ച് അറിവ് കൊടുക്കുന്നു<br>*ക്വിസ്<br>*ഐ.സി.ടി.സാധ്യതകൾ | സോഷ്യൽ സയൻസ് |
| July 21 | ചാന്ദ്രദിനം | *ക്വിസ്<br>*പതിപ്പ്<br>*സയൻറിസ്റ്റിനെ പരിചയപ്പെടുത്തൽ<br>* ഐ.സി.ടി.സാധ്യതകൾ | സോഷ്യൽ സയൻസ് |
| Aug 6 | ഹിരോഷിമാദിനം | ടെലിഫിലിം | സോഷ്യൽ സയൻസ് |
| Aug 9 | ക്വിറ്റ് ഇന്ത്യദിനം നാഗസാക്കിദിനം | ക്വിസ്, റാലിപ്ലക്കാർഡ് തയ്യാറാക്കൽ | |
| Aug15 | സ്വാതന്ത്ര്യദിനം | * പതാക ഉയർത്തൽ<br>* സ്വാതന്ത്ര്യദിന പ്രതിജ്ഞ<br>*സ്വാതന്ത്ര്യസമരസേനാനികളുടെ അനുസ്മരണം<br>* സിനിമ പ്രദർശനം<br>* ദേശഭക്തിഗാനാലാപനം<br>* മധുര വിതരണം | എച്ച്.എം<br>പി.ടി.എ |
| Aug 29 | ദേശീയ കായികദിനം | * സ്കൂൾ തലമത്സരം | സ്പോർട്സ് ക്ലബ്ബ് |
| Sep 1 | ദേശീയ പോഷകാഹാരദിനം | * മാഗസിൻ നിർമ്മാണം<br>* ബോധവത്ക്കരണ ക്ലാസ്<br>*അധ്യാപകരെ ആദരിക്കൽ<br>*കുട്ടികൾ ക്ലാസ് എടുക്കൽ | ഹെൽത്ത് ക്ലബ്ബ് |
| Sep5 | അധ്യാപകദിനം | *അധ്യാപകരെ ആദരിക്കൽ<br>* കുട്ടികൾ ക്ലാസ് എടുക്കൽ | സോഷ്യൽ സയൻസ് ക്ലബ്ബ് |
| Sep 8 | ലോക സാക്ഷരതാദിനം | *ബോധവത്ക്കരണക്ലാസ് | സോഷ്യൽ സയൻസ് |
| Sep 14 | ഹിന്ദി ദിനം | * കവിതാ മത്സരം<br>* പോസ്റ്റർ നിർമ്മാണം | ഹിന്ദി ക്ലബ്ബ് |
| Sep16 | ഓസോൺ ദിനം | *പതിപ്പ് തയ്യാറാക്കൽ | സോഷ്യൽ സയൻസ് |

| | | | |
|---|---|---|---|
| Sep 29 | ലോക ഹൃദയദിനം | *പ്രസംഗ മത്സരം, ഐ.സി.ടി<br>*ബോധവത്ക്കരണ ക്ലാസ്, ഐ.സി.ടി സാധ്യത, പോസ്റ്റർ നിർമ്മാണം | ഹെൽത്ത് ക്ലബ്ബ് |
| Oct 1 | ലോക രക്തദിനം | *സെമിനാർ, ഐ.സി.ടി.സാധ്യത,പി.ടി.എ പങ്കാളിത്തം | ഹെൽത്ത് ക്ലബ്ബ് |
| Oct 2 | ഗാന്ധിജയന്തി | * ക്വിസ്സ്<br>*പ്രസംഗ മത്സരം<br>* സേവന ദിനം | |
| | | | |
| | | | സയൻസ് |
| Oct 9 | ലോക തപാൽദിനം | * തപാൽ ഉത്പന്നങ്ങൾ പരിചയപ്പെടൽ<br>* പോസ്റ്റ് ഓഫീസ് സന്ദർശനം | എസ്.എസ് |
| Oct 13 | സംസ്ഥാന കായികദിനം | * യോഗ പരിശീലനം | ഹെൽത്ത് സ്പോർട്സ് |
| Oct 24 | ഐക്യരാഷ്ട്ര ദിനം | * | |
| Nov 1 | കേരളപ്പിറവി | *റാലി,ക്വിസ്, ദേശഭക്തിഗാനം, കേരളത്തിന്റെ പോസ്റ്റർ നിർമ്മാണം,കേരളചരിത്ര അനുസ്മരണം | എസ്.എസ്. മലയാളം |
| | | | |
| Nov 14 | ശിശുദിനം | ശിശുദിന റാലി, പ്രസംഗ മത്സരം | എസ്.എസ് |
| | | | |
| Dec 1 | എയ്ഡ്സ് ദിനം | ബോധവത്ക്കരണ ക്ലാസ് | ഹെൽത്ത് റെഡ്ക്രോസ് |
| Dec 3 | ഭിന്നശേഷിദിനം | അസംബ്ലി | |
| Dec 10 | മനുഷ്യാവകാശ ദിനം | സംവാദം | എസ്.എസ് |
| Jan 1 | പുതുവത്സര ദിനം | പുതുവത്സര സന്ദേശം, മധുരവിതരണം | സ്റ്റാഫ്, പി.ടി.എ |

| | | | |
|---|---|---|---|
| Jan 10 | ലോകഹിന്ദിദിനം | അസംബ്ലി<br>പോസ്റ്റർ<br>കവിത | ഹിന്ദി |
| Jan 16 | ആശാൻ ചരമദിനം | അനുസ്മരണ പ്രഭാഷണം, കൃതിപരിചയം, പോസ്റ്റർ രചന | മലയാളം |
| Jan 26 | റിപ്പബ്ലിക് ദിനം | ക്വിസം, പ്രസംഗമത്സരം, ബാൻറ് ഡിസ്പ്ലേ, ഫ്ലാഗ് നിർമ്മാണം | എസ്<br>.എസ്,മാത് സ് |
| Feb 2 | ലോകതണ്ണീർത്തട ദിനം | ബോധവത്ക്കരണ ക്ലാസ്<br>ഐ.സി.ടി.സാധ്യത | എസ്.എസ് |
| Feb 4 | ലോക ക്യാൻസർ ദിനം | ബോധവത്ക്കരണ ക്ലാസ്<br>ഐ.സി.ടി. സാധ്യത | ഹെൽത്ത് |
| Feb 8 | മൈക്കൽ ആഞ്ചലോ ദിനം | കാർട്ടൂൺ,മൈക്കൽ ആഞ്ചലോയെപരിചയപ്പെടുത്തൽ<br>,ഒൻ.വി.കവിത-മൈക്കലാഞ്ചലോ മാപ്പ് | ഇംഗ്ലീഷ്<br>മലയാളം |
| Feb 12 | വി.ടി.ഭട്ടതിരിപ്പാട് ജന്മദിനം | വി.ടി.യെ പരിചയപ്പെടൽ<br>നാടകപരിചയം | മലയാളം |
| Feb 21 | അന്തർദേശീയ മാതൃഭാഷാദിനം | സാഹിത്യക്വിസ് സാഹിത്കാരന്മാരെ പരിചയപ്പെടുത്തൽ | മലയാളം |
| March 21 | ലോകവനവൽക്കരണ ദിനം | വൃക്ഷത്തൈനടീൽ | നേച്ചർ ക്ലബ്ബ് |
| March 22 | ലോക ജലദിനം | സെമിനാർ | എസ്.എസ് |

## പ്രവർത്തനം - ഹരിത പരിസരം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഹരിതപരിസരം | ✔ ജൈവവൈവിധ്യ ഉദ്യാനം<br>✔ ഔഷധോദ്യാനം<br>✔ ചെറിയ ഗപ്പികളും<br>✔ ബയോഗ്യാസ് പ്ലാന്റ് പുനർനിർമ്മാണം<br>✔ ഹരിത ഇടനാഴി<br>✔ ഓരോ കുട്ടികൾക്കും സംരക്ഷിക്കാൻ ഒരു സസ്യം<br>✔ വിഷരഹിത പച്ചക്കറിത്തോട്ടം<br>✔ പ്ലാസ്റ്റിക് രഹിത വിദ്യാലയം | രണ്ടുവർഷം | പി.ടി.എ | 8 ലക്ഷം<br>എം.പി.ഫണ്ട് |

## പ്രവർത്തനം -സുന്ദര ശുചിത്വ പരിസരം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സുന്ദര ശുചിത്വ പരിസരം | ✔ പൂന്തോട്ടം<br>✔ ഗണിതപാറ്റേൺ പരിഗണിച്ചുള്ള ടൈൽസ് പാകൽ<br>മാലിന്യശേഖരണസംവിധാനം | അഞ്ച് വര്ഷം | എച്ച്.എം<br>പി.ടി.എ | 3 ലക്ഷം<br>എം.എൽ. എ. ഫണ്ട് |

## പ്രവർത്തനം -സുരക്ഷിത പരിസരം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സുരക്ഷിത പരിസരം | • സിക്ക് റൂം<br>• ഫസ്റ്റ് എയ്ഡ് | രണ്ടു വർഷം | പി.ടി.എ | 50,000 |

## പ്രവർത്തനം -പോഷകാഹാര വിതരണം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭൗതികസൗകര്യ വികസനം | ➢ കാറ്റും വെളിച്ചവും കടക്കുന്ന അടുക്കള<br>➢ ബയോഗ്യാസ് പ്ലാന്റ്<br>➢ വിഭവസമൃദ്ധമായ കറികളോടെ കുട്ടികൾക്ക് എന്നും ഉച്ച ഭക്ഷണം | ആറുമാസം | എസ്.ആർ.ജി<br>എച്ച്.എം<br>പി.ടി.എ | ആറ് ലക്ഷം<br>എം<br>.എൽ.ഫണ്ട്<br>പി.ടി.എ |

## പ്രവർത്തനം -

**<u>ആധുനികസാങ്കേതി വിദ്യാധിഷ്ഠിതവും വിദ്യാർത്ഥി സൗഹൃദവുമായ ക്ലാസ് മുറികൾ</u>**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആധുനികസാങ്കേതി വിദ്യാധിഷ്ഠിതവും വിദ്യാർത്ഥി സൗഹൃദവുമായ ക്ലാസ് മുറികൾ | ➢ പ്രവർത്തനാധിഷ്ഠിത പഠനത്തിനാവശ്യമായ ഉപകരണങ്ങൾ<br>➢ മൾട്ടി മീഡിയ സൗകര്യം എല്ലാ ക്ലാസ് മുറിയിലും<br>➢ ബുള്ളറ്റിൻ ബോർഡ്, ക്ലാസ്സ്, ഷെൽഫുകൾ<br>➢ ക്ലാസ്സ് റൂം ലൈബ്രറി<br>➢ പഠനനേട്ടങ്ങളുടെ പ്രദർശന ചാർട്ട് | അഞ്ച് വർഷം | എച്ച്.എം<br>എസ്<br>.ആർ.ജി<br>പി.ടി.എ | (മുപ്പത് ലക്ഷം)<br>എം.എൽ.എ ഫണ്ട്<br>എം.പി ഫണ്ട്<br>പി.ടി.എ |

## പ്രവർത്തനം -<u>കമ്പ്യൂട്ടർ ലാബ്</u>

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിപുലമായ കമ്പ്യൂട്ടർ ലാബ് സൗകര്യം | ➢ യു.പി. എച്ച്.എസ് പ്രത്യേകം ലാബ്<br>➢ ലാപ്ടോപ്, എൽ.സി.ഡി.പ്രോജക്ടർ | രണ്ടു വർഷം | എച്ച്.എം<br>എസ്<br>.ആർ.ജി<br>പി.ടി.എ | (പത്ത് ലക്ഷം)<br>എം.എൽ.എ ഫണ്ട്<br>എം.പി ഫണ്ട്<br>പി.ടി.എ |

**അക്കാദമികം – നേട്ടങ്ങൾ**

കലാകായികരംഗത്തും ഗണിത,ശാസ്ത്ര, പ്രവർത്തി പരിചയമേളകളിലും വർഷങ്ങളായി ഈ സ്കൂൾ മികച്ച വിജയം കാഴ്ച വെയ്ക്കുന്നു.

**കായികം**

കലാരംഗത്തും ഈ സ്കൂൾ മികച്ച പ്രകടനം കാഴ്ചവെയ്ക്കുന്നു. വിവിധ ഇനങ്ങളിൽ സബ് ജില്ല, ജില്ല മത്സരങ്ങളിൽ വിജയിച്ച് 'എ' ഗ്രേഡുകൾ കരസ്ഥമാക്കുന്നു

**പ്രവർത്തിപരിചയമേളകൾ**

ഗണിത,ശാസ്ത്ര,സാമൂഹ്യശാസ്ത്ര പ്രവർത്തിപരിചയ മേളകളിൽ വർഷങ്ങളായി ഈ സ്കൂൾ മികച്ച പ്രകടനം കാഴ്ച വെയ്ക്കുന്നു. സബ് ജില്ലാ തലത്തിൽ നിരവധി തവണ ഓവറോൾ വിജയം നേടി

കെ.സി.എസ്.എൽ, ജെ.ആർ.സി യൂണിറ്റ് Little Kites എന്നിവയുടെ പ്രവർത്തനങ്ങൾ നടന്നു വരുന്നു.

**അക്കാദമികം– പരിമിതികൾ**

വിവിധ മത്സരപരീക്ഷകളിലെ കുട്ടികളുടെ മികവ് ഇനിയും വർദ്ധിക്കേണ്ടതുണ്ട്.സ്കൂൾ ഗ്രന്ഥശാല നവീകരണം.ലാബോറട്ടറികൾ ആധുനികവത്ക്കരിക്കണം, ക്ലാസ്സ് ലൈബ്രറികൾ ക്രമീകരണം, കലാകായിക പരിശീലനത്തിനുള്ള അധ്യാപകരുടെ കുറവ് തുടങ്ങിയവ വിദ്യാലയം നേരിടുന്ന പരിമിതികളാണ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ശുചിത്വവും ആരോഗ്യ വും ഉറപ്പു വരുത്തുന്നു | * അടിസ്ഥാന സൗകര്യങ്ങ ളോടു കൂടിയ പാചകപ്പുര | ആറുമാസം | പി.ടി.എ. |
| ശുചിത്വപൂർണ്ണമായ ശൗചാലയം | ഗേൾസ് ഫ്രെണ്ട്ലി ഉൾപ്പ ടെയുള്ള ടോയ്ലെറ്റ് നിർമ്മാണം | ഒരു വർഷം | പി.ടി.എ.<br>പി.ടി.എ. |
| പ്രകൃതിയെ അടുത്ത റിയാൻ അവസരമൊ രുക്കുക | സ്കൂളിൽ സൗകര്യപ്രദ മായ സ്ഥലത്ത് ജൈവ വൈവിധ്യ പാർക്ക് നിർമ്മി ക്കൽ | ഒരു വർഷം | നേയ്ച്ചർ ക്ലബ്ബ് |
| ജലസംരക്ഷണ പ്രവർത്തനം | നിലവിലുള്ള മഴവെള്ള സംഭരണിയുടെ ചോർച്ച പരിഹരിക്കുന്നു. | ഒരു വർഷം | പി.ടി.എ. |
| ശുചിത്വമുള്ള അന്ത രീക്ഷം ഒരുക്കൽ | ജൈവമാലിന്യം സംസ്ക്കരി ക്കുന്നതിനുള്ള ക്രമീക രണം | ഒരു വർഷം | പി.ടി.എ. |
| കായികശേഷി വളർത്തുന്നത് | കളിസ്ഥലം ഒരുക്കൽ | ഒരു വർഷം | സ്പോർട്സ് ക്ലബ്ബ് |
| | കായിക ഉപകരണങ്ങൾ ലഭ്യമാക്കൽ | ഒരു വർഷം | പി.ടി.എ. |

## സാമൂഹികം - ജീവകാരുണ്യം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| പൊതിച്ചോറ് | വിദ്യാലയത്തിലെ മുഴുവൻ അധ്യാപകരും അനധ്യാപകരും കുട്ടികളും ചേർന്ന് സമീപത്തുള്ള അനാഥാലയത്തിൽ ഉച്ചഭക്ഷണമായി പൊതിച്ചോറ് കൊടുക്കുന്നു | വർഷത്തിൽ ഒരിക്കൽ | കുട്ടികൾ<br>അധ്യാപകർ<br>ജെ.ആർ.സി<br>കെ.സി.എസ്.എൽ |

## പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം സ്കൂളിൽ ഇതുവരെ

- മുഴുവൻ കുട്ടികൾക്കും അറിവിന്റെ ഉയർന്ന തലത്തിൽ എത്തിച്ചേരുവാനുള്ള പഠനാവസരം ഒരുക്കി
- അവസര ലഭ്യത, സാമൂഹ്യനീതി, ഗുണത, എന്നിവ ഉറപ്പാക്കുന്ന പഠനപരിസരവും പഠനാന്തരീക്ഷവും ലഭ്യമാണ്.
- ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ പഠനം കാര്യക്ഷമമാക്കുന്നു
- പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിൽ കുട്ടികളെ പങ്കാളികളാക്കുന്നു
- പ്രത്യേക പരിഗണനയിലൂടെ പഠനത്തിൽ പിന്നോക്കം നിൽക്കുന്നവരെ മുഖ്യധാരയിൽ എത്തിക്കുവാൻ സാധിച്ചു.
- ധാരാളം പുസ്തകങ്ങൾ അടങ്ങിയ മികച്ച ലൈബ്രറി സംവിധാനം, ക്ലാസ് തലത്തിലുള്ള പുസ്തകങ്ങളുടെ ലഭ്യത ഉറപ്പാക്കി
- കുട്ടികൾക്കായി കൗൺസിലിംഗ് സംവിധാനം
- പ്ലാസ്റ്റിക് വിമുക്തവും കീടനാശിനി വിമുക്തവും ലഹരി വിമുക്തവുമായി സ്കൂളും പരിസരവും
- കലാകായിക പ്രവൃത്തി പരിചയമേളയിൽ മികവിന്റെ അംഗീകാരമായി നേടിയെടുത്ത ഓവറോൾ കിരീടങ്ങൾ
- സ്കൂൾകോമ്പൗണ്ടിലെ വാഴകൃഷിവിളവെടുപ്പും കുട്ടികളിൽ കാർഷിക സംസ്കാരമുള്ള പുതുതലമുറയെ വളർത്തിയെടുക്കുന്നതിനുമുള്ള യജ്ഞം
- കുട്ടികളിൽ ഭാഷാശേഷി(മാതൃഭാഷ,ഇംഗ്ലീഷ്, ഹിന്ദി) എന്നിവ വികസിപ്പിച്ചു.
- ഗ്രീൻ പ്രോട്ടോക്കോൾ പാലിക്കുന്നു.

# ഉപസംഹാരം

നവലിബറൽ സാമ്പത്തികനയങ്ങൾ പൊതുയിടങ്ങളെ അപ്രസക്തമാക്കുന്ന വാർത്തകളാണ് അനുദിനം ലോകത്തും നമ്മുടെ രാജ്യത്തും ഉണ്ടായിക്കൊണ്ടിരിക്കുന്നത്. മനുഷ്യനെ മനുഷ്യത്വമുള്ളവനാക്കുന്ന മഹാപ്രക്രിയായ വിദ്യാഭ്യാസ രംഗത്തെ സ്വകാര്യവത്ക്കരണം ഇപ്പോൾത്തന്നെ ദൂരവ്യാപകമായ ദോഷഫലങ്ങൾ സൃഷ്ടിച്ചു കൊണ്ടിരിക്കുകയാണ്. ഈ കെടുതികൾക്ക് സമഗ്രവും ശാസ്ത്രിയവും സ്ഥായിയായതുമായ ബദലുകൾ സൃഷ്ടിക്കുന്നതിനുള്ള കർമ്മപദ്ധതിയാണ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം.

നാട്യങ്ങൾ ഏതുമില്ലാതെ നന്മകളാൽ സമൃദ്ധമായ നമ്മുടെ വിദ്യാലയത്തിന്റെ പൈതൃകവും മാതൃകയും കാത്തുസൂക്ഷിക്കുന്നതിനും കൂടുതൽ സമ്പുഷ്ടമാക്കുന്നതിനും ഈ വികസനരേഖ ഉപകരിക്കുമെന്ന് സവിനയം പ്രതീക്ഷിക്കുന്നു.